(ബി)&(സി) 25% തസ്തികകളിൽ നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരെ തസ്തിക മാറ്റത്തിലൂടെയും ബാക്കിയുള്ള 75% തസ്തികകളിൽ നേരിട്ട് നിയമനം നടത്തണമെന്നാണ് സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളത്. ഈ ഉത്തരവ് നൽകി സാധൂകരിച്ചുകൊണ്ടുള്ള ഹൈക്കോടതി ഉത്തരവ് സുപ്രീം കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

(ഡി) മാനദണ്ഡം പാലിക്കാത്ത സ്കൂളുകളിൽ അതുമായി ബന്ധപ്പെട്ട കേസ്സുകൾ നിലവിലുള്ള സ്കൂളുകളിലും നടത്തിയിട്ടുള്ള അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകിയിട്ടില്ല.

57 (2435) പ്ലസ് ടൂ തലത്തിൽ ലൈബ്രറി

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി തലത്തിലും പ്ലസ് ടൂ തലത്തിലും ശാസ്ത്രീയമായ ലൈബ്രറി സംവിധാനവും ലൈബ്രേറിയനും നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ലൈബ്രറിയുടെ നടത്തിപ്പിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സ്കൂളുകളിൽ നിലവിലുള്ളതുപോലെ അദ്ധ്യാപകന് സ്പെഷ്യൽ അലവൻസ് നൽകി ലൈബ്രറി ചുമതല ഏൽപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ജൂനിയർ കോളേജുകളുടെ പദവിയിൽ വരുന്ന പ്ലസ് ടൂവിലും ഹയർ സെക്കന്ററി തലത്തിലും പ്രത്യേകം ലൈബ്രറി വേണമെന്നുള്ള ദേശീയ നിർദ്ദേശം സംസ്ഥാനത്ത് നിർബന്ധമാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലൈബ്രറി സംവിധാനം നിലവിലുണ്ട്.

(ബി) ആവശ്യമായ ലൈബ്രറി സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈബ്രറികൾ ഒരുക്കാനായി 50,000/- രൂപ വീതം കഴിഞ്ഞ വർഷം എല്ലാ സർക്കാർ സ്കൂളുകളിലും നൽകി. മെയ് മാസത്തിൽ എയിഡഡ് സ്കൂളുകളും പരിശോധിച്ച് ലൈബ്രറി മെച്ചപ്പെടുത്തുവാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുമ്പോൾ ഇക്കാര്യവും പരിഗണിക്കുന്നതാണ്.

(ഡി) ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

58 (2436) പ്ലസ് ടൂ സ്കൂളുകളിലെ ലൈബ്രേറിയൻ തസ്തിക

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് ടൂ സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly